## പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം: 5086 04.07.2012 - ൽ മറുപടിക്ക്

### പെരിങ്ങോം മറിയക്കുട്ടിയുടെ കൊലപാതകം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. സി. കൃഷ്ണൻ | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) |
| (എ) കണ്ണൂർ ജില്ലയിൽ പെരിങ്ങോം പോലീസ് സ്റ്റേഷൻ പരിധിയിൽ 2012 മാർച്ച് 5-ന് മറിയക്കുട്ടി കൊലചെയ്യപ്പെട്ടത് സംബന്ധിച്ച അന്വേഷണം ഏതു ഘട്ടത്തിലാണെന്ന് വിശദമാക്കുമോ; അന്വേഷണ സംഘത്തിലുള്ള ഉദ്യോഗസ്ഥർ ആരൊക്കെയാണ്;<br><br>(ബി) പ്രതികളെ അറസ്റ്റു ചെയ്തിട്ടുണ്ടോ? | (എ) & (ബി) മറിയക്കുട്ടി എന്ന സ്ത്രീ കൊലചെയ്യപ്പെട്ടത് സംബന്ധിച്ച് പെരിങ്ങോം പോലീസ് സ്റ്റേഷൻ ക്രൈം നം. 188/12 u/s 457, 302, 394 IPC ആയി ഒരു കേസ് രജിസ്റ്റർ ചെയ്യുകയും പയ്യന്നൂർ പോലീസ് സർക്കിൾ ഇൻസ്പെക്ടറുടെ നേതൃത്വത്തിൽ ക്രൈം സ്ക്വാഡ് അന്വേഷണം നടത്തി വരികയുമാണ്. നാളിതുവരെയുള്ള അന്വേഷണത്തിൽ പ്രതികളെ തിരിച്ചറിയുവാനോ അറസ്റ്റ് ചെയ്യുവാനോ സാധിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ